നമ്പർ. സി1/14189/റ്റിസി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി: 22.06.2012.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് – കേരള റോഡ് നികുതി ഒഴിവാക്കുന്നതിനായി വ്യാജ മേൽവിലാസത്തിൽ വാഹനങ്ങൾ പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്യുന്നു എന്നുള്ള വാർത്ത - സംബന്ധിച്ച്.

സൂചന :- -

കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ട വാഹനങ്ങൾ കേരള റോഡ് നികുതി ഒഴിവാക്കുന്നതിനായി കേന്ദ്ര ഭരണ പ്രദേശമായ പുതുച്ചേരിയിലെ ഗതാഗത വകുപ്പ് ഓഫീസിൽ വ്യാജ മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്യുന്നതായി ദൃശ്യമാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇത്തരത്തിൽ കേരളത്തിലെ വാഹന ഉടമകൾ തങ്ങളുടെ വാഹനം അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുമ്പോൾ കേരള സംസ്ഥാനത്തിന് കിട്ടേണ്ട വാഹന നികുതിയും, ഫീസും നഷ്ടപ്പെടുന്നു എന്നുള്ളത് വാസ്തവമാണ്.

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 54 അനുസരിച്ച് പരമാവധി 12 മാസത്തിൽ കൂടുതൽ തുടർച്ചയായി അന്യസംസ്ഥാന വാഹനങ്ങൾ (എൻ.ടി.വി) ഒരു സംസ്ഥാനത്ത് ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. അന്യ സംസ്ഥാന രജിസ്ട്രേഷൻ ഉള്ള വാഹനങ്ങൾ കേരള സംസ്ഥാനത്ത് സ്ഥിരമായി ഉപയോഗിക്കുന്നതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത വാഹനങ്ങൾ സംസ്ഥനത്ത് റീ-രജിസ്റ്റർ ചെയ്യേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 54 അനുസരിച്ച് പരമാവധി 12 മാസത്തിൽ കൂടുതൽ തുടർച്ചയായി അന്യ സംസ്ഥാനത്തെ വാഹനങ്ങൾ (എൻ.ടി.വി.) ഒരു സംസ്ഥാന ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. അന്യസംസ്ഥാന രജിസ്ട്രേഷൻ ഉള്ള വാഹനങ്ങൾ സംസ്ഥാനത്ത് സ്ഥിരമായി ഉപയോഗിക്കുന്നതായി കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത വാഹന സംസ്ഥാനത്ത് റീ-രജിസ്ട്രേഷൻ ചെയ്യേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പു ഉൾപ്പെടെയുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളിലും, അന്യ സംസ്ഥാനങ്ങളിലും രജിസ്ട്രേഷൻ ഉ കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ കണ്ടെത്തുകയാണെങ്കിൽ വാഹനങ്ങളുടെ ഉടമ സ്ഥിരമായി കേരളത്തിൽ മേൽവിലാസം ഉള്ള വ്യക്തിയാ ബോധ്യപ്പെടുകയും ചെയ്താൽ പ്രസ്തുത വാഹനത്തിന് ടാക്സ് നഷ്ടപ്പെടുന്നു വിഷയമായതിനാൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും/ജോയിന്റ് റീജി ട്രാൻസ്പോർട്ട് ഓഫീസർമാരും ഈ വിഷയത്തിൽ വ്യക്തിപരമായ ശ്രദ്ധ പാലിക്കേണ്ട മാസത്തിലൊരിക്കൽ നടപടി റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. ഈ വി എൻഫോഴ്സ്മെന്റ് സ്ക്വാഡിനെ കൊണ്ടും അന്വേഷിപ്പിക്കേണ്ടതാണ്.

ജോയിന്റ് ട്രാൻസ്പോർട്ട് ക
ട്രാൻസ്പോർട്ട് കമ്മീഷണർക്കു